പുതിയ ഷാസ്സികൾ ലഭിച്ചതിന്റെ കണക്കുകൾ താഴെ കാണിക്കുന്നു :

വർഷം	എണ്ണം
2011	625
2012	325
2013	50
2014	114
2015 (നവംബർ വരെ)	632

(ഇ) 23-11-2015-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 5,566 ബസ്സുകളുണ്ട്. ഇതിൽ 728 ബസ്സുകൾ വിവിധ അറ്റകുറ്റപണികൾക്കായി പിടിച്ചിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകളെ സംബന്ധിക്കുന്ന വിവരം

342 (353) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം കെ.എസ്.ആർ.ടി.സി അതിന്റെ എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ട് ; ഏതെല്ലാം ഡിപ്പോകളിലെ എത്രവീതം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ എത്ര ബസ്സുകൾ ഉണ്ട്; വിവിധ ഗ്യാരേജുകളിൽ കട്ടപ്പുറത്തായ ബസ്സുകൾ മൊത്തം എത്ര ?

ഉത്തരം

(എ) ഷെഡ്യൂളുകളൊന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവ് കാരണം ചില ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ താൽക്കാലികമായി റദ്ദാക്കാറുണ്ട്.

(ബി) 23-11-2015-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 5566 ബസുകളുണ്ട്. ഇതിൽ 728 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly